ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ 72 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ എച്ച്.സി., പി.സി. എന്നിവർക്ക് എട്ടുമണിക്കൂർ ജോലി സമ്പ്രാദയം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തെ വിലയിരുത്തിയതിനുശേഷവും പോലീസിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനു അനുസൃതമായും ടി സമ്പ്രദായം കൂടുതൽ പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പോലീസ് സ്റ്റേഷനിൽ ജീപ്പില്ല എന്ന പരാതി

55 (58) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്ക് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനിൽ വർഷങ്ങളായി സ്വന്തമായി ജീപ്പില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റേഷനിൽ സ്വന്തമായി ജീപ്പ് അനുവദിക്കുന്നതിനും പട്രോൾ ഡ്യൂട്ടി നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ അനുവദിച്ചിരുന്ന ജീപ്പ് കാലപ്പഴക്കത്താൽ ഉപയോഗ ശൂന്യമാകുകയും ആയത് കണ്ടം ചെയ്തു ലേലത്തിൽ വില്പന നടത്തിയിട്ടുള്ളതുമാണ്. തുടർന്നു പുതിയ വാഹനം വാങ്ങിയ മുറയ്ക്ക് നെടുമങ്ങാട് പോലീസ് സ്റ്റേഷന് സ്വന്തമായി ജീപ്പ് അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന മുനിസിപ്പൽ മൊബൈൽ പട്രോൾ ഡ്യൂട്ടി കൃത്യമായും നടത്തിവരുന്നുണ്ട്.

ക്രിമിനൽ കേസുകൾ

56 (59) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് ഒട്ടാകെ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു ;

(ബി) അവയിൽ ഇതുവരെ എത്രയെണ്ണം റഫർ ചെയ്തുതള്ളി ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എത്ര പരാതികൾ കിട്ടി ;

(ഡി) ഇതിൽ എത്ര പരാതികളിന്മേൽ നടപടികളെടുത്തു ;

(ഇ) എത്ര പരാതികളിൻമേൽ തീരുമാനമുണ്ടാക്കി ?

ഉത്തരം

(എ) 4,24,956 കേസുകൾ

(ബി) 69584 എണ്ണം

(സി) 10,12,504 പരാതികൾ

(ഡി) 10,04,197 പരാതികളിന്മേൽ

(ഇ) 975464 പരാതികളിന്മേൽ തീരുമാനമുണ്ടായി.

വിനോദ്കുമാറിന്റെ ദുരൂഹമരണം

57 (63) ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ അഴിക്കൽ ദേശത്ത് താമസിച്ചിരുന്നതും അഴിക്കൽ ഫിഷിംഗ് ഹാർബറിലെ മത്സ്യബന്ധന തൊഴിലാളിയുമായിരുന്ന പി.വി.വിനോദൻ 6-5-2000-ൽ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ;

(സി) ഈ കേസ് ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന ആക്ഷൻ കമ്മിറ്റിയുടെ ആവശ്യം സർക്കാർ പരിഗ്ണിക്കുമോ ?

ഉത്തരം

(എ & ബി) പ്രസ്തുത മരണം സംബന്ധിച്ച് വളപട്ടണം സ്റ്റേഷനിൽ ക്രൈം 206/2000 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതിൽ 5-5-2000 -ന് വിനോദൻ അബദ്ധത്തിൽ കിണറ്റിൽ വീണ് മരിച്ചതാണെന്ന് അറിവായിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

മനോജ് കുമാറിനെ കൊലപ്പെടുത്തിയ സംഭവം

58 (64) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിങ്ങവനത്ത് മനോജ്കുമാറിനെ കൊലപ്പെടുത്തിയത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഏജൻസിയാണ് നടത്തുന്നത് എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly